**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **07-12-2022 - ൽ മറുപടിയ്ക്ക്**

**മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിലെ പോത്തംകുഴിയിൽ നിന്നും തൂതപ്പുഴയിലെ വെള്ളം ആലിപ്പറമ്പ്- മുതുക്കുർശ്ശി റോഡിലൂടെ പൈപ്പ് ലൈൻ വഴി മണലായ, മുഴന്നമണ്ണ, ഇടമല, പാലോളിപറമ്പ് തുടങ്ങിയ ഭാഗത്തേക്ക് ജലസേചനം നടത്തുന്നതിനാണ് മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 175.00 ലക്ഷം രൂപയുടെ ഭരണാനുമതി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. പമ്പ് ഹൗസിന്റെ നിർമ്മാണം, ഭാഗികമായ പൈപ്പ് ലൈനിന്റെ പ്രവൃത്തികൾ എന്നിവയാണ് ഭരണാനുമതി ലഭിച്ച തുക ഉപയോഗിച്ച് വിഭാവനം ചെയ്തിരുന്നത്. എന്നാൽ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായുള്ള പൈപ്പ് ലൈൻ കൊണ്ടുപോകുവാൻ ഉദ്ദേശിച്ചിരുന്ന റോഡിന്റെ ഇരുഭാഗങ്ങളിലുമായി ജൽ ജീവൻ മിഷന്റെയും, അലിഗഡ് കുടിവെള്ള പദ്ധതിയുടെയും പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിനാൽ, ബഹു. പെരിന്തൽമണ്ണ എം.എൽ.എ, ആലിപ്പറമ്പ് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ 31/10/2022 ന് കൂടിയ യോഗത്തിൽ മറ്റൊരു അലൈൻമെന്റ് കണ്ടെത്തുന്നതായിരിക്കും ഉചിതമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാന ത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലൂടെ പൈപ്പ് ലൈനുകൾ കൊണ്ട് പോകുന്നതിന് പുതിയ അലൈൻമെന്റ് ധാരണയായിട്ടുണ്ട്. ഇതിന് വേണ്ടി പുതുതായി വിശദമായ സർവ്വേ നടത്തേണ്ടതുണ്ട്. സർവ്വേക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പുതിയ അലൈൻമെന്റ് |

| | | | |
|---|---|---|---|
| | | | തീരുമാനിച്ച് ഭൂമി ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തികരിച്ച് കമ്മീഷൻ ചെയ്യാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിലെ പോത്തംകുഴിയിൽ നിന്നും കുതപ്പുഴയിലെ വെള്ളം ആലിപ്പറമ്പ്- മുതുക്കുർശ്ശി റോഡിലൂടെ പൈപ്പ് ലൈൻ വഴി മണലായ, മുഴന്നമണ്ണ, ഇടമല, പാലോളിപറമ്പ് തുടങ്ങിയ ഭാഗത്തേക്ക് ജലസേചനം നടത്തുന്നതിനാണ് മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 175.00 ലക്ഷം രൂപയുടെ ഭരണാനുമതി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. പമ്പ് ഹൗസിന്റെ നിർമ്മാണം, ഭാഗികമായ പൈപ്പ് ലൈനിന്റെ പ്രവൃത്തികൾ എന്നിവയാണ് ഭരണാനുമതി ലഭിച്ച തുക ഉപയോഗിച്ച് വിഭാവനം ചെയ്തിരുന്നത്. എന്നാൽ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായുള്ള പൈപ്പ് ലൈൻ കൊണ്ടുപോകുവാൻ ഉദ്ദേശിച്ചിരുന്ന റോഡിന്റെ ഇരുഭാഗങ്ങളിലുമായി ജൽ ജീവൻ മിഷന്റെയും, അലിഗഡ് കുടിവെള്ള പദ്ധതിയുടെയും പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിനാൽ, ബഹു. പെരിന്തൽമണ്ണ എം.എൽ.എ, ആലിപ്പറമ്പ് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ 31/10/2022 ന് കൂടിയ യോഗത്തിൽ മറ്റൊരു അലൈൻമെന്റ് കണ്ടെത്തുന്നതായിരിക്കും ഉചിതമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാന ത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലൂടെ പൈപ്പ് ലൈനുകൾ കൊണ്ട് പോകുന്നതിന് പുതിയ അലൈൻമെന്റ് ധാരണയായിട്ടുണ്ട്. ഇതിന് വേണ്ടി പുതുതായി വിശദമായ സർവ്വേ നടത്തേണ്ടതുണ്ട്. സർവ്വേക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പുതിയ അലൈൻമെന്റ് തീരുമാനിച്ച് ഭൂമി ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തികരിച്ച് കമ്മീഷൻ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ